# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ലേല പരസ്യം

**ആറന്മുള** ഗ്രൂപ്പിൽ പെട്ട **കുന്നത്ത് മഹാദേവ ക്ഷേത്രം പഴയ ഓഫീസ് കെട്ടിടങ്ങൾ പൊളിച്ചുമാറ്റി അവശിഷ്ടങ്ങൾ മാറ്റുന്നതിന്** (അടിത്തറയിലെ മണൽ ഒഴിച്ച്) 12/08/2021 ലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവ് ROC No: 6314/21/M പ്രകാരം 2021ാം-മാണ്ട് **ആഗസ്റ്റ്** മാസം **31ാം** തീയതി ഉച്ചക്ക് **2.30** മണിക്ക് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം കാലേകൂട്ടി **ചെങ്ങന്നൂർ അസിസ്റ്റൻറ് എൻജിനീയർ ഓഫീസിൽ** ഹാജരായി **19,550/-** രൂപ നിരത ദ്രവ്യം കെട്ടി വെച്ച് ലേലത്തിൽ പങ്കു കൊള്ളേണ്ടതാണ്.

ലേലം കൂടുതൽ തുകക്ക് വിളി കേൾക്കുന്നയാൾ നിരത ദ്രവ്യം ഉൾപ്പടെ ഒന്ന് പകുതി തുക ഉടനടി കെട്ടിവെക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകക്ക് വിളി കേൾക്കുന്നയാളുടെ പേരിൽ ലേലം അവസാനിപ്പിക്കുന്നതും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ലേല അനുവാദം വന്ന വിവരം തെര്യപ്പെടുത്തുന്ന മുറക്ക് ബാക്കി തുക ഒന്നായി കെട്ടി വെച്ച് ലേല സാധനങ്ങൾ സ്വന്തം ചിലവിൽ പൊളിച്ച് കൊണ്ട് പോകേണ്ടതാണ്. ലേലം വിളി കേൾക്കുന്നയാളിന്റെ ഒഴിച്ച് മറ്റുള്ളവരുടെ നിരത ദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ കൊടുക്കുന്നതാണ്.

ലേലത്തെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ചെങ്ങന്നൂർ അസിസ്റ്റൻറ് എൻജിനീയർ ആഫീസിൽ നിന്നോ ഈ ആഫീസിൽ നിന്നോ എല്ലാ പ്രവർത്തി ദിവസങ്ങളിലും ആഫീസ് സമയത്തു അറിയാവുന്നതാണ്.

ഈ ഡിപ്പാർട്ട്മെന്റിന്റെ നിലവിലുള്ള ചട്ടങ്ങൾ ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം അനുവാദം ലഭിച്ച് 10 ദിവസത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും

എക്സിക്യൂട്ടീവ് എഞ്ചിനീയർ

തിരുവിതാംകൂർ ദേവസ്വം ബോർഡ്

മാവേലിക്കര

മാവേലിക്കര

19/08/2021